**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4555** **01-07-2024 - ൽ മറുപടിയ്ക്ക്**

**തരൂർ മണ്ഡലത്തിലെ ആധുനിക സഹകരണ റൈസ് മിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കണ്ണമ്പ്ര ആധുനിക സഹകരണ റൈസ് മിൽ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ? | (എ) | പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ല പ്രവർത്തനപരിധിയായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) എന്ന പേരിൽ 29.01.2019 തീയതിയിൽ സംഘം രജിസ്റ്റർ ചെയ്യുകയും 06.02.2019 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 36 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര 1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 7.03 കോടി രൂപയ്ക്ക് രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ട്<br><br>പാപ്കോസിന്റെ പദ്ധതി പ്രദേശത്തേക്കുള്ള റോഡിന്റെ വീതി 2.4 കിലോമീറ്ററോളം ഭാഗത്ത് 5 മീറ്റർ മാത്രമാണുള്ളത്, നിയമാനുസൃതം ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് 8 മീറ്റർ വീതിയുള്ള റോഡ് ആവശ്യമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി 2013 ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (RFCT LA RR Act) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് ഫോറം 2 ൽ ഉള്ള അപേക്ഷയും ഭൂമിയുടെ അലൈൻമെന്റ് സ്കെച്ചും സഹിതം റവന്യൂ വകുപ്പിന്റെ ഭരണാനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് അനുസരിച്ച് 65.36 സെന്റ് ഭൂമി 19 പേരിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.<br><br>സംഘം ഭരണസമിതിയിലെ 13 അംഗങ്ങളിൽ 7 അംഗങ്ങൾ അവർ പ്രതിനിധാനം ചെയ്യുന്ന സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പിനെ |

| | | | |
|---|---|---|---|
| | | | തുടർന്ന് പ്രസിഡന്റ്/ ഡയറക്ടർ സ്ഥാനം നഷ്ടമായത് മൂലം പാപ്കോസിന്റെ ഭരണസമിതിയിൽ തുടരാനാവാത്തതിനാൽ ക്വാറം തികയാത്ത സാഹചര്യം സംജാതമാകുകയും ടി സാഹചര്യത്തിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 33(1) പ്രകാരം മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചുകൊണ്ട് ഉത്തരവാകുകയും 23.12.2023 ന് കമ്മിറ്റി ചാർജെടുക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ കീഴിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ